ടെലിഫോൺ സൗകര്യമില്ലാത്ത പോലീസ് സ്റ്റേഷനുകൾ

56 (1524) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള പോലീസ് സ്റ്റേഷനുകൾ എത്രയാണ് ;

(ബി) ഇതിൽ ടെലിഫോൺ സൗകര്യം ഏർപ്പെടുത്തിയിട്ടില്ലാത്തതും ഉണ്ടായിരുന്ന ടെലിഫോൺ ബന്ധം വിച്ഛേദിച്ചിട്ടുള്ളതുമായവ എത്രയാണ് ;

(സി) എല്ലാ പോലീസ് സ്റ്റേഷനുകൾക്കും ടെലിഫോൺ ബന്ധം സ്ഥാപിക്കാൻ നടപടിയെടുക്കുമോ ;

(ഡി) കൂടുതൽ ഫോണുകൾ സ്ഥാപിക്കുമ്പോൾ പൊതുജനങ്ങൾക്ക് ബന്ധപ്പെടാനുള്ള സൗകര്യാർത്ഥം ഇൻകമിംഗ് സൗകര്യം മാത്രമുള്ള ഫോണുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ട്രാഫിക് പോലീസ് സ്റ്റേഷനുകളും വനിതാ പോലീസ് സ്റ്റേഷനുകളും ഉൾപ്പെടെ സംസ്ഥാനത്ത് ഇപ്പോൾ 428 പോലീസ് സ്റ്റേഷനുകൾ ഉണ്ട്.

(ബി)&(സി) എല്ലാ പോലീസ് സ്റ്റേഷനുകളിലും ടെലഫോൺ ഉണ്ട്. കൊല്ലം ജില്ലയിൽ പരവൂർ പോലീസ് സ്റ്റേഷനിലേയും പത്തംതിട്ട ജില്ലയിലെ മൂഴിയാർ പോലീസ് സ്റ്റേഷനിലെയും ടെലഫോൺ, ടെലഫോൺ ചാർജ്ജ് അടയ്ക്കാത്തതുകൊണ്ട് ബന്ധം വിച്ഛേദിച്ചിട്ടുള്ളതാകുന്നു.

(ഡി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

പോലീസ് സേനാംഗങ്ങൾക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ

57 (1525) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പോലീസ് സേനയിലുള്ളവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly